# *SACRED HEART GENERALATE*

*Manganam P. O., Kottayam – 18*

*KERALA, INDIA*


**28.03.2016**


***Sacred Heart Generalate, Manganam P. O., Kottayam – 18, Ph: 04812 578 598, e-mail: shgeneralate@gmail.com***


ഈ.തി.സ്തുതി

പ്രിയമുള്ള മദറെ സഹോദരിമാരെ,

എല്ലാവർക്കും സുഖമെന്നു കരുതുന്നു. എല്ലാവർക്കും ഈസ്റ്റർ ദിനത്തിന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നു. ഉത്ഥിതനായ യേശുവിന്റെ ശാന്തിയും സമാധാനവും നിങ്ങളിൽ നിറയുവാൻ പ്രാർത്ഥിക്കുന്നു.

നാം ജീവിക്കുന്ന ലോകത്തിലെ നമുക്ക് ചുററും നടക്കുന്ന തിന്മയുടെ ശക്തി എല്ലാം ശക്തിയാർജ്ജിച്ച്വരികയാണ്. യമനിലെ ഏഡനിൽ മദർതെരസയുടെ സഭയിലെ സഹോദരിമാർ നിഷ്ക്കരുണം വധിക്കപ്പെട്ട വാർത്തയും ഒപ്പം ബൽജിയത്തെ ചാവേർ ആക്രമണങ്ങളും ലോക മനസാക്ഷിയെ ഞെട്ടിപ്പിക്കുന്നു. Times of India, March 16th ലെ വാർത്ത എല്ലാവരും അറിഞ്ഞിട്ടുണ്ടാകും. 31000 ഗർഭിണികളെയും കുഞ്ഞുങ്ങളെയും ഭീകരപ്രവർത്തങ്ങൾക്കായ് ഒരുക്കുന്നു. കുഞ്ഞുങ്ങൾ ഉദരത്തിൽ ഉരുവാകുന്നത് മതൽ പരിശീലനം. നമുക്ക് തീക്ഷണമായ് പ്രാർത്ഥിക്കാം, തിന്മയുടെ ശക്തികളെ നിർവ്വീര്യമാക്കാൻവേണ്ടി. ഇത് കരുണയുടെ വർഷമാണല്ലോ അൽപംക്കൂടി ഉണർന്ന് ജാഗ്രതയോടെ ചിന്തിക്കയും, പ്രാർത്ഥിക്കയും ,പ്രവർത്തിക്കയും ചെയ്യാം.

പ്രിയമുള്ളവരെ ദൈവവിളിക്ക്വേണ്ടി കൂടുതലായി പരിശ്രമിക്കുമല്ലോ.

**5 നിയോഗങ്ങൾക്കായ് March 31st (6pm ,Thursday) to April 1st (8pm, Friday) 2016,ഒരു അഖണ്ഡ ആരാധന നമ്മുടെ എല്ലാ ഭവനങ്ങളിലും നടത്തുവാൻ താത്പര്യപ്പെടുന്നു.**

**നിയോഗങ്ങൾ:**

1. മദർതെരസയുടെ സഭയിലെ സഹോദരിമാർ നിഷ്ക്കരുണം വധിക്കപ്പെട്ടതിന് പരിഹാരമായ്.

2. **ISIS** പോലുള്ള തീവ്രവാദ പ്രവർത്തകരുടെ മാനസാന്തരത്തിനുവേണ്ടി, തിന്മയുടെ ശക്തികളെ നിർവ്വീര്യമാക്കാൻവേണ്ടി, ലോകസുവിശേഷവത്ക്കരണ പരിപാടികളുടെ വിജയത്തിനുവേണ്ടി.

3. ദൈവവിളികൾ ലഭിക്കുന്നതിനും, നിലനിൽപിനും.

4.ധന്യൻകദളിക്കാട്ടിലച്ചന്റെ നാമകരണ നടപടികളുടെ വിജയത്തിനായ്.

5.അടുത്തു വരുന്ന നിയമസഭ തിരഞ്ഞെടുപ്പ് വിജയത്തിനായ്.

ഇത് പൊതുസ്ഥലമാറ്റ സമയമാണല്ലോ. എല്ലാവരും സ്ഥലമാറ്റത്തിനൊരുക്കമായ് കണക്കും കാര്യങ്ങളെല്ലാം ശരിയാക്കിവയ്ക്കുമല്ലോ. നിങ്ങൾക്കെല്ലാ നന്മയും നേരുന്നു. . നിങ്ങളുടെ അദ്ധ്വാനത്തെ ഈശോ ഫലമണിയിക്കട്ടെ. നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങൾ എന്നോടു കാണിക്കുന്ന സ്നേഹത്തിനും, പ്രാർത്ഥനക്കും, പരിഗണനക്കും, സഹകരണത്തിനും നന്ദി. തുടർന്നും എനിക്കുവേണ്ടിയും, നമ്മുടെ സമൂഹത്തിനുവേണ്ടിയും പ്രാർത്ഥിക്കുമല്ലോ.

നിങ്ങളെ ഓരോരുത്തരെയും ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിക്കുന്നു. ഈശോ നിങ്ങളെ അനുഗ്രഹിക്കട്ടെ.

നന്ദിയോടെ, സ്നേഹത്തോടെ,

സ്വന്തം അമ്മ.

സി. ലിറ്റിൽ ട്രീസ.എസ്.എച്ച്